**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. എം.വി. ബർണാർഡിന്റെ ഹൃദയ സംബന്ധമായ ചികിൽസയ്ക്ക് മംഗലാപുരം കെ.എം.സി ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം. 137/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 18.01.2017

---

പരാമർശം :
1) ശ്രീ. എം.വി. ബർണാർഡിന്റെ 11.09.2013 ലെ അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 23.06.2014, 05.11.2016 എന്നീ തീയതികളിലെ എഫ്2-42533/13 നമ്പർ കത്ത്.
3) ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.09.2013 ലെ 164(2)-ാംനമ്പർ തീരുമാനം.
4) ആരോഗ്യവകുപ്പ് ഡയറക്ടറുടെ 24.09.2016 ലെ എം.ആർ1 (എൽ.ഡിസ്) 66214/2016/ആ.വ.ഡ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായ ശ്രീ. എം.വി. ബർണാഡിന്റെ ഹൃദയ സംബന്ധമായ ചികിൽസയ്ക്ക് മംഗലാപുരത്തുള്ള കെ.എം.സി ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (4) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,84,099/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 1,47,279/- രൂപ ( ഒരു ലക്ഷത്തി നാല്പത്തേഴായിരത്തി ഇരുന്നൂറ്റി എഴുപത്തൊൻപത് രൂപാ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുക ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പഞ്ചായത്ത് ഡയറക്ടർ ഉറപ്പുവരുത്തി

കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായ ശ്രീ. എം.വി ബർണാഡിന്റെ ഹൃദയ സംബന്ധമായ ചികിൽസയ്ക്ക് മംഗലാപുരത്തുള്ള കെ.എം.സി ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ ചെലവായ തുകയിൽ അനുവദനീയമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 1,84,099/- രൂപയുടെ 80% ആയ 1,47,279/- രൂപ (ഒരു ലക്ഷത്തി നാല്പത്തേഴായിരത്തി ഇരുന്നൂറ്റി എഴുപത്തൊൻപത് രൂപാ മാത്രം) പ്രത്യേക കേസ്സായി പരിഗണിച്ച് സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ & എ) കേരള.
സെക്രട്ടറി, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ. ബർണാർഡ്, മുട്ടിക്കൽ ഹൌസ്, ഇടയിലക്കാട്, വലിയപറമ്പ പി.ഒ, കാസറഗോഡ് ജില്ല.
ആരോഗ്യകുടുംബക്ഷേമ വകുപ്പ് (24.02.2016 ലെ 18171/G2/2015/H&FWD നം യു,ഒ പ്രകാരം)
ഡയറക്ടർ, ഐ. കെ. എം.(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ